ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:07.06.2025**

## പ്രധാനവാർത്തകൾ

1. ദുരന്ത പ്രതിരോധത്തിൽ മുന്നറിയിപ്പ് സംവിധാനങ്ങളും ഏകോപനവും ശക്തിപ്പെടുത്തേണ്ടത് നിർണായകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സേവനങ്ങളും ഉത്പന്നങ്ങളും വിൽക്കുന്ന ഡാർക്ക് പാറ്റേൺ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളോട് നിർദേശിച്ച് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിട്ടി
3. ഫ്രാൻസിൽ സമുദ്ര പാരിസ്ഥിതി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ഐക്യരാഷ്ട്ര സഭയുടെ സമുദ്ര ഉച്ചകോടിയിൽ മന്ത്രി സജി ചെറിയാൻ പങ്കെടുത്തു.
4. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം; മുന്നണികളുടെ പ്രധാന നേതാക്കൾ ഉൾപ്പടെ രംഗത്ത് സജീവം.
5. ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടത്തിനായി അരീന സബലേങ്കയും കോക്കോ ഗൗഫും ഏറ്റുമുട്ടുന്നു.

&&&&&&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി -സിഡിആർഐ

ദുരന്ത പ്രതിരോധത്തിൽ മുന്നറിയിപ്പ് സംവിധാനങ്ങളും ഏകോപനവും ശക്തിപ്പെടുത്തേണ്ടത് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസ്വര രാജ്യങ്ങൾക്ക് ധനസഹായം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും 2025ലെ ദുരന്ത പ്രതിരോധ അടിസ്ഥാന സൗകര്യ സമ്മേളനത്തെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി പറഞ്ഞു. ഈ വർഷം ഫ്രാൻസിലാണ് സമ്മേളനം നടക്കുന്നത്.

&&&&&&&&&&&&&&&&&&

## കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിട്ടി

തെറ്റായ വ്യാപാര രീതികളും ആളുകളെ തെറ്റിദ്ധരിപ്പിച്ച് സേവനങ്ങളും ഉത്പന്നങ്ങളും വിൽക്കുന്ന ഡാർക്ക് പാറ്റേണും ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളോട് നിർദേശിച്ച് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിട്ടി.ഡാർക്ക് പാറ്റേൺ സംബന്ധിച്ച് എല്ലാ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും മൂന്ന് മാസത്തിനുള്ളിൽ സ്വയം പരിശോധന നടത്തണമെന്ന് ഉപഭോക്തൃ കാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഡാർക്ക് പാറ്റേണുമായി ബന്ധപ്പെട്ട നിയമം പാലിക്കാത്ത പ്ലാറ്റ്ഫോമുകൾക്ക് മന്ത്രാലയം നോട്ടീസ് നൽകി.

RNU TVPM

&&&&&&&&&&&&&&&&&&

## ഓഷ്യൻ ഉച്ചകോടി

ഫ്രാൻസിലെ നീസിൽ നടക്കുന്ന ഐക്യരാഷ്ട്ര സഭയുടെ ഓഷ്യൻ ഉച്ചകോടിയിൽ മന്ത്രി സജി ചെറിയാൻ പങ്കെടുത്തു. സമുദ്ര പരിസ്ഥിതിയുടെ ശോഷണം തടയുന്നതിനായി പ്ലാസ്റ്റിക് മലിനീകരണം, വ്യാവസായിക മത്സ്യബന്ധനം, ആഴക്കടൽ ഖനനം തുടങ്ങിയ പ്രശ്നവിഷയങ്ങളിൽ ആഗോള ഐക്യം കെട്ടിപ്പടുക്കുകയാണ് ഉച്ചകോടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

## തെന്നല ബാലകൃഷ്ണപിള്ള-അന്ത്യാഞ്ജലി

മുതിർന്ന കോൺഗ്രസ് നേതാവും കെപിസിസി മുൻ അധ്യക്ഷനുമായ തെന്നല ബാലകൃഷ്ണപിള്ളയ്ക്ക് നാടിന്റെ അന്ത്യാഞ്ജലി. തെന്നല ബാലകൃഷ്ണപിള്ളയുടെ ഭൗതിക ദേഹം തിരുവനന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. തെന്നല ബാലകൃഷ്ണ പിള്ളയുടെ ഭൗതികദേഹം നേരത്തെ കെപിസിസി ആസ്ഥാനത്ത് പൊതുദർശനത്തിന് വച്ചിരുന്നു.മുഖ്യമന്ത്രി പിണറായി വിജയൻ കെ പിസി സി ആസ്ഥാനത്ത് എത്തി അന്തിമോപചാരം അർപ്പിച്ചു.മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ,ഗോവ ഗവർണറും ബി ജെ പി നേതാവുമായ പി എസ് ശ്രീധരൻ പിള്ള, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ

PNU TVPM

ഉൾപ്പെടെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖരും നിരവധി കോൺഗ്രസ് നേതാക്കളും അന്തിമോപചാരം അർപ്പിച്ചു .വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ഇന്നലെയാണ് തെന്നല ബാലകൃഷ്ണപിള്ള അന്തരിച്ചത്.

&&&&&&&&&&&&&&&&&&

**ഈദ്**

ത്യാഗത്തിൻറെ സ്മരണ ഉണർത്തി , രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ഇസ്ലാം മതവിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിച്ചു. ഇന്ന് രാവിലെ ഈദ്ഗാഹുകളിലും പള്ളികളിലും വിശ്വാസികൾ ഈദ് നമസ്കാരം നടത്തി. സംസ്ഥാനത്ത് മഴ മാറി നിന്നതിനാൽ ഇത്തവണത്തെ ബലിപെരുന്നാൾ വിപുലമായി തന്നെ വിശ്വാസികൾ ആഘോഷിച്ചു. കോഴിക്കോട് ചാലിയം ജുമുഅ മസ്ജിദിൽ കാന്തപുരം എ പി അബൂബക്കർ മുസ്ലിയാരും പാളയം മൊഹ് യുദീൻ പള്ളിയിൽ ഇമാം ഹുസൈൻമടവൂരും പെരുന്നാൾ നമസ്കാരത്തിന് നേതൃത്വം നൽകി.

തിരുവനന്തപുരം ജില്ലയിൽ വിവിധ ജമാ അത്തുകളുടെ നേതൃത്വത്തിൽ പള്ളികളിലും പ്രത്യേകം തയ്യാറാക്കിയ ഈദ് ഗാഹുകളിലും പെരുന്നാൾ നമസ്കാരം നടന്നു. ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ പാളയം

RNU TVPM

ഇമാം വി.പി. സുഹൈബ് മൗലവിയും സെൻട്രൽ സ്റ്റേഡിയത്തിൽ നബീൽ സ്വലാഹിയും മണക്കാട് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ മൗലവി ഇ.കെ. സുജാദും നമസ്കാരത്തിനു നേതൃത്വം നൽകി. ദേശീയ തലസ്ഥാനമായ ഡൽഹിയിൽ, ജുമാ മസ്ജിദ്, ഫത്തേപുരി മസ്ജിദ്, ഷാഹി ഈദ്ഗാഹ എന്നിവിടങ്ങളിലും നമസ്കാര ചടങ്ങുകൾ നടന്നു. ദൈവത്തിൻറെ കൽപ്പന അനുസരിച്ചുകൊണ്ട് ഹസ്രത്ത് ഇബ്രാഹിം തൻറെ ഏക മകനെ ബലിയർപ്പിക്കാൻ തയ്യാറായതിൻറെ സ്മരണയ്ക്കായാണ് ബലിപെരുന്നാൾ ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&&&

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറുമാണ് മത്സര രംഗത്തെ പ്രമുഖർ. ബലി പെരുന്നാൾ ദിനമായ ഇന്ന് LDF UDF NDA മുന്നണികൾ പരസ്യപ്രചാരണം ഒഴിവാക്കി പള്ളികളിലും വീടുകളിലും സന്ദർശനം നടത്തി വോട്ടു തേടി. അതേസമയം, സ്ഥാനാർത്ഥികളുടെ വരവ് ചെലവ് പരിശോധ ഈ മാസം 10, 13, 17 തിയതികളിൽ നടക്കും. ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക്

RIJU TVPM

വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ തിങ്കളാഴ്ച നടക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 നാണ്.

&&&&&&&&&&&&&&&&&&&

ഡിജിറ്റൽ ലൈബ്രറി (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ വായനയുടെ ഡിജിറ്റൽ ലോകം തുറന്നു നൽകി ജില്ലയിലെ ആദ്യ ഡിജിറ്റൽ ലൈബ്രറി പ്രവർത്തനം തുടങ്ങി. അക്ഷരങ്ങളെ കൂട്ടുകൂടാൻ പഠിപ്പിക്കുക മാത്രമല്ല എഴുത്തിന്റെ ലോകത്തേക്കു പിച്ചവയ്ക്കാനും ഡിജിറ്റൽ ലൈബ്രറി കുട്ടികൾക്ക് വഴികാട്ടിയാകും. ഒരേ സമയം 6 വിദ്യാർഥികൾക്ക് ഉപയോഗിക്കാവുന്ന വിധത്തിലാണ് ഇവ സജ്ജീകരിച്ചിട്ടുള്ളത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

&&&&&&&&&&&&&&&&&&&

**അമൃത് കുടിവെള്ള പദ്ധതി**

അമൃത് 2.0 പദ്ധതിയുടെ കീഴിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 11 കോടിയിലധികം രൂപയുടെ പ്രവർത്തനങ്ങൾക്കുള്ള ടെൻഡറിന് അംഗീകാരം

RNU TVPM

ലഭിച്ചതായി മന്ത്രി പി .രാജീവ് . കളമശ്ശേരി നഗരസഭയിലെ കിഴക്കൻ ഭാഗങ്ങളിലേക്കുള്ള കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ ഇതിലൂടെ കഴിയും.

2050 ലെ ആവശ്യങ്ങൾ കണക്കിലെടുത്ത് കുടിവെള്ള വിതരണം വിപുലപ്പെടുത്താനുദ്ദേശിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പൂർത്തിയാകുന്നതോടെ കളമശ്ശേരി മണ്ഡലത്തിലെ രണ്ട് നഗരസഭകളിലേക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കഴിയുമെന്നും മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&&&

**കാർഷിക മേഖല-പ്രധാനമന്ത്രി**

ഇന്ത്യയിലെ കർഷകരുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷമായി, വിവിധ സർക്കാർ സംരംഭങ്ങൾ കർഷകരുടെ അഭിവൃദ്ധി വർദ്ധിപ്പിക്കുകയും കാർഷിക മേഖലയുടെ പരിവർത്തനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നും, കർഷക ക്ഷേമത്തിനായുള്ള സർക്കാർ ശ്രമങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ തുടരുമെന്നും ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**മലേഷ്യ എയർലൈൻസ്**

PNU TVPM

തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ക്വാലാലംപൂരിലേക്ക് മലേഷ്യ എയർലൈൻസിന്റെ അധിക സർവീസ് ആരംഭിച്ചു. തിങ്കൾ, ബുധൻ, വെള്ളി, ഞായർ സർവീസുകൾക്ക് പുറമേ, എല്ലാ ശനിയാഴ്ചകളിലുമാണ് പുതിയ സർവീസ്.

&&&&&&&&&&&&&&&&&&

**സ്വർഗ്ഗംമേട്. ഇടുക്കി (ഇൻട്രോ)**

സഞ്ചാരികളെ മാടി വിളിച്ച് പ്രകൃതിയോടിണങ്ങിയ പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര കേന്ദ്രമായ സ്വർഗ്ഗംമേട്. ഇടുക്കി ജില്ലയിലെ സേനാപതി പഞ്ചായത്തിലാണ് കണ്ണെത്താ ദൂരത്തോളം പരന്നു കിടക്കുന്ന പുൽമേടുകളും ആകാശം തൊട്ടു നിൽക്കുന്ന മലനിരകളും നിറഞ്ഞ സ്വർഗ്ഗംമേട് സ്ഥിതി ചെയ്യുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..

(വോയിസ്)

&&&&&&&&&&&&&&&&&&

**ടി. റബി ശങ്കർ,**

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഗവർണറായ ടി. റബി ശങ്കറിനെ പതിനാറാം ധനകാര്യ കമ്മീഷൻറെ പാർട്ട് ടൈം അംഗമായി രാഷ്ട്രപതി നിയമിച്ചു.

RNU TVPM

പതിനാറാം ധനകാര്യ കമ്മീഷൻറെ മുഴുവൻ സമയ അംഗങ്ങളിൽ ഒരാളായ അജയ് നാരായൺ ഝാ വ്യക്തിപരമായ കാരണങ്ങളാൽ രാജിവച്ചതിനെ തുടർന്നാണ് ടി. റബി ശങ്കറിൻറെ നിയമനം.

&&&&&&&&&&&&&&&&&&

**കളിയാട്ടം നാളെ-കണ്ണൂർ (ഇൻട്രോ)**

ഉത്തര കേരളത്തിലെ കളിയാട്ടങ്ങൾക്ക് പരിസമാപ്തി കുറിച്ചുകൊണ്ട് കണ്ണൂർ വളപട്ടണം കളരിവാതുക്കൽ ഭഗവതി ക്ഷേത്രത്തിലെ കളിയാട്ടം നാളെ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ ...**

**(ഹോൾഡ് -വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&

**ഫ്രഞ്ച് ഓപ്പൺ**

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ ലോക ഒന്നാം നമ്പർ താരം അരീന സബലേങ്കയും രണ്ടാം സീഡ് കോക്കോ ഗൗഫും അല്പസമയത്തിനകം ഏറ്റുമുട്ടും. സബലേങ്കയുടെ ആദ്യ ഫ്രഞ്ച് ഓപ്പൺ ഫൈനലും കോക്കോയുടെ രണ്ടാം ഫൈനലുമാണിത്. പുരുഷ സിംഗിൾസ് ഫൈനലിൽ

ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിൻറെ കാർലോസ് അൽകാരസും നാളെ കളത്തിലിറങ്ങും.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി "നല്ല വാർത്ത "എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## കൊട്ടിയൂർ വൈശാഖ മഹോത്സവം

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് നാളെ തുടക്കമാകും.നാളെ രാത്രി സ്വയംഭൂ വിൽ നെയ്യഭിഷേകത്തോടെയാണ് വൈശാഖോത്സവം ആരംഭിക്കുക. ചൊവ്വാഴ്ച രാവിലെ മുതൽ സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിലേക്ക് പ്രവേശനം അനുവദിക്കും. ഇത്തവണത്തെ വൈശാഖോത്സവത്തിന് വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## മഹാകുംഭാഭിഷേകം

RNU TVPM

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ മഹാകുംഭാഭിഷേകം നാളെ രാവിലെ 7.40-ന് നടക്കും. ശ്രീകോവിലിനു മുകളിൽ താഴികക്കുടങ്ങളുടെ സമർപ്പണം, വിഷ്വക്സേന വിഗ്രഹത്തിന്റെ പുനഃപ്രതിഷ്ഠ, തിരുവാമ്പാടി ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിൽ അഷ്ടബന്ധകലശം എന്നിവയാണ് ഒരുമിച്ച് നടത്തുന്നത്. രണ്ടരനൂറ്റാണ്ടിനു ശേഷമാണ് താഴികക്കുട സമർപ്പണം നടക്കുന്നത് . ഭക്തർക്ക് കുംഭാഭിഷേകം

വീക്ഷിക്കാനും കുംഭാഭിഷേകത്തിനു ശേഷം ദർശനത്തിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്ഷേത്രത്തിലെ സുരക്ഷയും ശക്തമാക്കിയിട്ടുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&